കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നീലംപേരൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി10-134/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ ജില്ല

തീയതി. 08.02.2017

ഫോൺ - 0477 2252753

ഇ-മെയിൽ - ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നീലംപേരൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നീലംപേരൂർ ഗ്രാമപഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3-ലെ 3-1, 3-4, 3-10 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി10-134/2017 തീയതി: 08.02.2017

# ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2015 മുതൽ 31.03.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ. സലീം, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 24.01.2017 മുതൽ 31.01.2017വരെ | ശ്രീ. രാജീവ് ആർ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ. രാജേഷ് കെ.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.പ്രവീൺ ഷേണായ് ജെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. സുനിൽ കെ.ബി., ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1. | ശ്രീ. ഡി. ഉണ്ണികൃഷ്ണൻ | 01.04.2015 മുതൽ 03.10.2015 വരെ |
| 2. | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 04.10.2015 മുതൽ 11.11.2015വരെ |
| 3. | ശ്രീമതി. രജനി ബാബു | 12.11.2015 മുതൽ 31.03.2016വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1. | ശ്രീ. ആഷ് ലി നായർ | 01.04.2015 മുതൽ 06.12.2015 വരെ<br>26.12.2015 മുതൽ 31.03.2016 വരെ |
| 2. | ശ്രീ.ജോൺ. പി. ജോസഫ് | 07.12.2015 മുതൽ 25.12.2015വരെ (പൂർണ്ണ അധികചുമതല) |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി. തങ്കമ്മ ഗോപാലകൃഷ്ണൻ<br>ശ്രീ. പ്രീനോ ഉതുപ്പാൻ | 01.04.2015മുതൽ 03.10.2015വരെ<br>12.11.2015മുതൽ 31.03.2016വരെ |
| 2 | വികസനകാര്യം | ശ്രീമതി. ലതിക രാധാകൃഷ്ണൻ<br>ശ്രീമതി. സബിതാ രാജേഷ് | 01.04.2015മുതൽ 03.10.2015വരെ<br>12.11.2015മുതൽ 31.03.2016വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി. മോളി രാജു<br>ശ്രീ. ഗോപാലകൃഷ്ണൻ | 01.04.2015മുതൽ 03.10.2015വരെ<br>12.11.2015മുതൽ 31.03.2016വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീ. കെ. പ്രതീഷ് കുമാർ<br>ശ്രീമതി. കുഞ്ഞുമോൾ വിജയകുമാർ | 01.04.2015മുതൽ 03.10.2015വരെ<br>12.11.2015മുതൽ 31.03.2016വരെ |

4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി. ധന്യ കൃഷ്ണൻ | 01.04.2015 മുതൽ 31.03.2016വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. ഷീജ. വി.എം. | 01.04.2015 മുതൽ 31.03.2016വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ശുഭ.വി. | 01.04.2015മുതൽ 31.03.2016 വരെ |
| 4 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, | ഡോ. ശിൽപ്പ ശശി | 01.04.2015മുതൽ 31.03.2016 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ജീവൻകുമാർ | 01.04.2015 മുതൽ 31.03.2016വരെ |
| 6 | ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി. റെജിമോൾ. ടി. | 01.04.2015 മുതൽ 31.03.2016വരെ |
| 7 | പ്രധാനാധ്യാപകൻ<br>ഗവ.എൽ.പി. എസ്. | ശ്രീ. പ്രഭാകരൻ നായർ | 01.04.2015 മുതൽ 31.03.2016വരെ |
| 8 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി. സ്നേഹ ബാബു | 01.04.2015 മുതൽ 15.05.2015വരെ |

| | | | |
|---|---|---|---|
| | | ശ്രീമതി. ആശാരാജ്. ആർ<br>ശ്രീമതി. ഇന്ദുശ്രീ.ഐ.ബി. | 16.05.2015 മുതൽ 07.06.2015വരെ<br>08.06.2015മുതൽ 31.03.2016വരെ |
| 9 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സതീഷ് കുമാർ | 01.04.2015 മുതൽ 31.03.2016വരെ |
| | എൽ.വി.ഇ.ഒ | ശ്രീമതി. ജാലകമണി | 01.04.2015 മുതൽ 31.03.2016വരെ |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ജോൺ. പി. ജോസഫ് | 01.04.2015 മുതൽ 31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം -1 | | |
| 1 | പൊതു അവലോകനം | 1-1 മുതൽ 1-11 വരെ |
| ഭാഗം -2 | | |
| 2 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ് | 2-1 |
| 3 | ഡി.ആന്റ്.ഓ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നു. | 2-2 |
| ഭാഗം-3 | | |
| 4 | കുടിവെള്ള കുടിശ്ശിക കുറവ് ചെയ്ത് നൽകിയിട്ടില്ല | 3-1 |
| 5 | സി.ഡി.എസ്. ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന വികസനഫണ്ട് തുക തിരികെ അടവാക്കേണ്ടതാണ് | 3-2 |
| 6 | ജീവനക്കാരിൽ നിന്നും എസ് എൽ ഐ ഈടാക്കിയതായി കാണുന്നില്ല | 3-3 |
| 7 | താരിഫ് കണക്കാക്കാതെ കറന്റ് ചാർജ്ജ് അടയ്ക്കുന്നു | 3-4 |
| 8 | വൈദ്യുതി-ടെലിഫോൺ ബില്ലുകൾ യഥാസമയം സമർപ്പിക്കുന്നില്ല. | 3-5 |
| 9 | പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിററി കൃത്യമായി യോഗം കൂടുന്നില്ല | 3-6 |
| 10 | മരാമത്ത് പ്രവൃത്തികൾ- പൊതു ന്യൂനതകൾ | 3-7 |
| 11 | എർത്ത് ഫില്ലിംഗിന് ഡി.എസ്. ആർ ഇനം ഉണ്ടായിരിക്കെ | 3-8 |

| | | |
|---|---|---|
| | മാർക്കറ്റ് റേറ്റിൽ ഡാറ്റാ തയ്യാറാക്കി | |
| 12 | ക്വാറി മക്ക് ഫില്ലിംഗിന് അധിക നിരക്ക് അനുവദിച്ചത് മൂലം അധികച്ചെലവ്- | 3-9 |
| 13 | പ്രവൃത്തി പൂർത്തീകരണ കാല താമസത്തിന് പിഴ ഈടാക്കിയില്ല. | 3-10 |
| ഭാഗം 4 | | |
| 14 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 മുതൽ 4-10 വരെ |
| അനുബന്ധം | | |
| 15 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (മലയാളം) | 1 |
| 16 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (ഇംഗ്ലീഷ്) | 2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25-03-2015 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 8,10,03,819/- | 7,54,19,000/- |
| വാർഷിക കണക്ക് പ്രകാരം (മുന്നിരിപ്പ് ഉൾപ്പെടെ) | 2,15,98,427/- | 3,09,10,250/- |

പ്രതീക്ഷിത വരവ് -ചെലവ് കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ സാരമായ അന്തരം ഉണ്ട്. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.7.2016 | 26.7.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,57,15,025/- |
| വരവ് | 2,15,98,427/- |
| ആകെ | 3,73,13,452/- |
| ചെലവ് | 3,09,10,250/- |
| നീക്കിയിരിപ്പ് | 64,03,202/- |

അക്കൗണ്ട്സിലെ അപാകത ഖ 4-1-ൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-5 ഫണ്ട് വിനിയോഗം

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| ഫണ്ടിനം | മുന്നിരിപ്പ് | റ്റി.സി. ചെയ്തു ലഭിച്ച തുക | തൻവർഷ അലോട്ട് മെന്റ് | അലോട്ട് മെന്റിൽ നിന്നും പിൻവലിച്ച തുക | ആകെ (2)+(3)+(5) | ചെലവ് | റ്റി.സി. ചെയ്തു നൽകിയ തുക | സർക്കാരി ലേയ്ക്ക് തിരിച്ചടച്ച തുക | അലോട്ട് മെന്റ് പ്രകാര മുള്ള നീക്കി യിരിപ്പ് |
| വികസനഫണ്ട് ജനറൽ | 2615922 | 3478981 | 8082567 | 161332 | 6256235 | 6256235 | | | 0 |
| വികസനഫണ്ട് എസ്. സി.പി | 1718292 | 0 | 3181492 | 845740 | 2564032 | 1344540 | 1219492 | | 0 |
| വികസനഫണ്ട് ടി.എസ്.പി | 9000 | 0 | 18000 | 18000 | 27000 | 18000 | 9000 | | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1538764 | 0 | 5551203 | 4532637 | 6071401 | 3820912 | 2250489 | | 0 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് (ലോക ബാങ്ക് ധനസഹായം) | 0 | 0 | 0 | 0 | 0 | 0 | 0 | | 0 |
| സംരക്ഷണ ഗ്രാന്റ് -നോൺ റോഡ് | 1046639 | 0 | 2320000 | 1631944 | 2678583 | 2678583 | | | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 1004234 | 0 | 5855000 | 5556625 | 6560859 | 6560859 | | | 0 |
| ബി- ഫണ്ട് | 0 | 0 | 12471391 | 12471391 | 12471391 | 12471391 | | | 0 |
| എം.ജി. എൻ.ആർ ഇ.ജി.എസ്. | 89477 | | 1423944 | 0 | 14237944 | 14259590 | | | 67831 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 120 | 25144541 | 94 | 20295624 | 23 | 3 | 78% |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 35.88% ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (-) |
|---|---|---|---|---|
| നികുതി വരവുകൾ | 1915854 | 1231274/- | (-)684580/- | 35.73% |
| നികുതിയേതര വരവുകൾ | 278226/- | 172060/- | (-)106166/- | 38.16% |
| മറ്റ് വരവുകൾ | 119224/- | 79984/- | (-)39240/- | 32.91% |
| ആകെ | 2313304/- | 1483318/- | (-)829986/- | 35.88% |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 143760 | 82 |
| കർഷകതൊഴിലാളി പെൻഷൻ | 6961530 | 956 |
| വിധവാപെൻഷൻ | 1867280 | 305 |
| വാർദ്ധക്യകാലപെൻഷൻ | 2333880 | 501 |
| വികലാംഗപെൻഷൻ | 914120 | 130 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 75680 | 10 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 60000 | 2 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.01.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6155/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ റോഡ്, റോഡ് ഇതര ആസ്തികളുടെ വിവരങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്ററുകൾ എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തുകളിൽ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.07.2009 ലെ ജി.ഒ(എം.എസ്) 23/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. കെട്ടിട നികുതി ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09-01-2017 | ഡിസംബർ 2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31-08-2013 | 2008-09 മുതൽ 2012-13 വരെ | 17-10-2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതാണ്

കെ.പി.ഡബ്ല്യൂ.എ കോഡിലെ ഖണ്ഡിക 15.4.1 പ്രകാരം വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾ (സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി മുതലായവ) മൂന്ന് വർഷത്തിനുള്ളിൽ ക്ലെയിം ചെയ്യാതിരുന്നാൽ അത്തരം നിക്ഷേപങ്ങൾ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതും മൂന്നു വർഷത്തിലധികമായവ പഞ്ചായത്തിന്റെ റവന്യു അക്കൗണ്ടിലേക്ക് ചേർക്കാവുന്നതുമാണ്.

നീലംപേരൂർ ഗ്രാമ പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2015-16 വർഷത്തെ ഇ.എം.ഡി ഇനത്തിലെ നീക്കിയിരിപ്പ് തുക 78082/- രൂപയാണെന്ന് കാണുന്നു. ഇതിലെ 47652/- രൂപ 2012-13 മുതൽ നിലനിർത്തി പോരുന്നതായി കാണുന്നു. (പേജ് നം. 11)

കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 282 പ്രകാരം 3 വർഷത്തിലധികമുള്ള നിക്ഷേപങ്ങൾ/ നിരതദ്രവ്യം തുകകൾ സർക്കാർ/ തദ്ദേശ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽകൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 ഡി.ആന്റ്.ഓ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 (1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ, ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട ചില വ്യാപാര സ്ഥാപനങ്ങൾ ഡി.ആന്റ്.ഓ ലൈസൻസ് എടുക്കുകയോ, പ്രൊഫഷൻ ടാക്സ് അടക്കുകയോ ചെയ്തിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര്, മേൽവിലാസം | കട നമ്പർ | വ്യാപാര ഇനം |
|---|---|---|---|
| 1 | ജിജിമോൾ.ബി, ചിലമ്പട്ടുശ്ശേരിൽ, കുറിച്ചി | II/46(ഡി) | റബ്ബർ വേസ്റ്റ് ട്രേഡിങ്ങ് ഓഫീസ് |
| 2 | കൊച്ചുമോൻ .ടി, ഒഴുക്കിത്തറ വീട്, നീലംപേരൂർ | II/145 | മൊബൈൽ ബസാർ |
| 3 | ഗ്രേസി ജോസഫ്, കോലത്ത് ഹൗസ്, നീലംപേരൂർ | II/154 | ട്രോപ്പിക്കൽ സ്പൈസസ് |
| 4 | തെൽമ ജോസഫ്, താമരശ്ശേരി, കല്ലിശ്ശേരി | II/130 | പി.വി.സി സൊൾവെന്റ് സിമെന്റ് നിർമ്മാണം |
| 5 | മോൻ ജെ, മണ്ണിച്ചേരിൽ, നീലംപേരൂർ | III/266 | പലചരക്ക് കട |
| 6 | സെക്രട്ടറി, നീലംപേരൂർ സർവ്വീസ് കോ. സൊസൈറ്റി | III/266(എ) | വളം കീടനാശിനി |

| | | | |
|---|---|---|---|
| 7 | മോൻ ജെ., മണ്ണിച്ചേരിൽ, നീലംപേരൂർ | III/170(സി) | പൊടിമില്ല് |
| 8 | സനിൽ കുമാർ പി.എസ്., പുറംമ്പള്ളിൽ | III/167(സി) | ലാബ് നിർമ്മാണം |

അനന്തര നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കുടിവെള്ള കുടിശ്ശിക കുറവ് ചെയ്ത് നൽകിയിട്ടില്ല

പഞ്ചായത്തിന്റെ കുടിവെള്ള കുടിശിക 01/04/2015 ൽ 289487/- രൂപ, 2% ഫൈൻ അടക്കം 295277/- രൂപ. സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ കുടിശ്ശിക 2% ഫൈൻ അടക്കം 373211/- രൂപയായി. 19-12-2016 ലെ ബില്ലിൽ കുടിശിക പിന്നെയും ഉയർന്ന് 448881/- രൂപയായി നിൽക്കുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ 27-06-2013 ൽ തൻമാസത്തെ തുകയടക്കം 199896/- രൂപ കുടിശികയുള്ളപ്പോൾ 268167/- രൂപ ജനറൽ പർപ്പസ് ഗ്രാന്റിന്റെ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. ഇപ്രകാരം കുടിശിക പൂർണ്ണമായി അടവാക്കി 68271/- രൂ. പഞ്ചായത്തിന് വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിക്കാനുള്ളപ്പോഴാണ്, അതൊന്നും കണക്കിലെടുക്കാതെ മുൻ വർഷത്തെ കുടിശികയടക്കമുള്ള ബില്ലുകൾ പഞ്ചായത്തിന് വാട്ടർ അതോറിറ്റി നൽകി വരുന്നത്. അതിനെതിരെ ഒന്നോ, രണ്ടോ കത്തെഴുതിയെന്നല്ലാതെ മറ്റ് ശക്തമായ ഇടപെടലുകളൊന്നും തന്നെ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായതായി കാണുന്നില്ല. അന്നത്തെ കുടിശ്ശിക അടക്കമുള്ള തുക തന്നെ 2015-16 ലും അതോറിറ്റി നല്കിപ്പോരുന്നു.

അതോറിറ്റിയുടെ ബിൽ പ്രകാരം പഞ്ചായത്തിൽ ആകെയുള്ളത് 20 ടാപ്പുകളും, അതനുസരിച്ച് ഒരു മാസത്തെ പഞ്ചായത്തിന്റെ കുടിവെള്ളക്കരം 8750/- രൂപയുമാണ്. തുക എല്ലാ മാസവും കൃത്യമായി പഞ്ചായത്ത് അടച്ചു പോരുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് തന്നെ കുടിശ്ശികയൊന്നും ഉണ്ടാകാൻ പാടില്ലാത്തതുമാണ്. പക്ഷെ, മുൻ വർഷം അടച്ച തുക കുറവ് വരുത്താത്തതിനാൽ ഇപ്പോഴും ഭീമമായ കുടിശ്ശികയുള്ള ബില്ലുകളാണ് പഞ്ചായത്തിന് വാട്ടർ അതോറിറ്റിയുടെ വകയായി ലഭിച്ചു വരുന്നത്. വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 11/ തീയതി 30-01-17 ന് മറുപടി നൽകിയിട്ടില്ല. അനന്തര നടപടികൾക്കായി വിവരം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

### 3-2 സി.ഡി.എസ്. ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന വികസനഫണ്ട് തുക തിരികെ അടവാക്കേണ്ടതാണ്

2010 വർഷം മുതൽ സി.ഡി.എസ്. അക്കൗണ്ടിൽ 4,40,500/- രൂപ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു. (അക്കൗണ്ട് നമ്പർ SBI 10570933215). ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ വിവിധ ആവശ്യങ്ങൾക്ക് നല്കിയ വികസനഫണ്ടിൽ ചെലവഴിക്കാൻ ബാക്കിയുള്ളതാണിത്. ചെലവഴിക്കാത്ത വികസനഫണ്ട് നിക്ഷേപമായി സൂക്ഷിക്കുന്നത് ധനവിനിയോഗ നിയമങ്ങൾക്ക് എതിരാണ്. ആയതിനാൽ നിയമ വിരുദ്ധമായി സിഡിഎസ് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന വികസനഫണ്ട് പലിശസഹിതം കൺസോളിഡേറ്റ് ഫണ്ടിൽ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

### 3-3 ജീവനക്കാരിൽ നിന്നും എസ്.എൽ.ഐ ഈടാക്കിയതായി കാണുന്നില്ല

സർക്കാർ ജീവനക്കാരെ സംസ്ഥാന ഇൻഷ്വറൻസിൽ നിർബന്ധമായും ചേർത്തിരിക്കണമെന്നും, അവരിൽ നിന്നും അവരുടെ ശമ്പളസ്കെയിൽ അനുസരിച്ചുള്ള തുക വസൂലാക്കി എസ്.എൽ.ഐ. യിൽ അടയ്ക്കുകയും വേണമെന്ന് ജി.ഒ (പി) നം. 511/2004/ധനം. തീയതി. 02-11-2004 പ്രകാരം സർക്കാർ നിർദ്ദേശം

ഉണ്ടായിരിക്കെ, പഞ്ചായത്തിലെ ജീവനക്കാരായ ശ്രീ. എം. പി. സജിത്, (എൽ.ഡി.സി) ശ്രീമതി. സുരഭി (ഓ.എ) എന്നിവരെ എസ്.എൽ.ഐയിൽ ഉൾപ്പെടുത്തിയതായോ, അവരിൽ നിന്നും എസ്.എൽ.ഐ പ്രീമിയം ഈടാക്കിയതായോ കാണുന്നില്ല. ആയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9, തീയതി 30/01/2017) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ജീവനക്കാരെ എസ്.എൽ.ഐ. യിൽ ചേർത്ത് വിവരം അറിയിക്കേണ്ടതാണ്.

## 3-4 താരിഫ് കണക്കാക്കാതെ കറന്റ് ചാർജ്ജ് അടയ്ക്കുന്നു

സ്ട്രീറ്റ് ലൈറ്റുകളുടെ കറന്റ് ചാർജ്ജ് (കൺസ്യൂമർ നം. 206) ഇനത്തിൽ പഞ്ചായത്ത് മാസം തോറും അടച്ചു വരുന്ന തുക 28559/- രൂപയാണ്. ഈ തുകയിലും, ഉപഭോഗത്തിലും കുറേ നാളുകളായി ഒരു വ്യത്യാസവും കാണുന്നില്ല. വർഷങ്ങൾക്ക് മുൻപുള്ള താരിഫ് അനുസരിച്ചുള്ള തുകയാണ് ഇപ്പോഴും പഞ്ചായത്ത് അടയ്ക്കുന്നത്. പഴയ 60/100 വാട്സ് ബൾബിനേയും മറ്റും ആധാരമാക്കിയാണ് അന്ന് താരിഫ് നിശ്ചയിച്ചിട്ടുള്ളത്. പഴയ താരിഫ് റേറ്റ് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണെന്ന് കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല. എന്നാൽ മെയിന്റനൻസ് കോൺട്രാക്റ്റ് ചമയ്ക്കുന്നതിന് വേണ്ടി, പഞ്ചായത്തിന്റെ 17-06-2015 ലെ കത്ത് പ്രകാരം കെ.എസ്.ഇ.ബി.യുമായി ചേർന്ന് നടത്തിയ ജോയിന്റ് വെരിഫിക്കേഷനിൽ പറഞ്ഞിട്ടുള്ളത്, പഞ്ചായത്ത് പ്രദേശത്ത് സിംഗിൾ ട്യൂബ്- 10, സി.എഫ്.എൽ ഡബിൾ-307, സി.എഫ്.എൽ സിംഗിൾ-154 എന്നിവയടക്കം ആകെ 471 ലൈറ്റുകളുണ്ടെന്നാണ്. അതിലൊന്നും ഒരു ബൾബ് പോലും ഉള്ളതായി പറയുന്നില്ല. ഇതനുസരിച്ചുള്ള പുതുക്കിയ താരിഫ് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ചും പുതിയ താരിഫ് പ്രകാരമുള്ള തുക അടയ്ക്കുവാൻ പഞ്ചായത്ത് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിനെക്കുറിച്ചും വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/30-01-2017) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. ഇപ്പോഴും കെ.എസ്.ഇ.ബി.യുടെ പഴയ താരിഫ് കാർഡിലെ ഡിമാൻഡ് പ്രകാരം എല്ലാ മാസവും 28559/- രൂപയുടെ കറന്റ് ബിൽ കൃത്യമായി കെ.എസ്.ഇ.ബി.യിൽ പഞ്ചായത്ത് അടച്ചു വരുന്നു. അനന്തര നടപടികൾക്കായി വിവരം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-5 വൈദ്യുതി-ടെലിഫോൺ ബില്ലുകൾ യഥാസമയം സമർപ്പിക്കുന്നില്ല.

പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥർ അവരുടെ സ്ഥാപനങ്ങളിലെ വൈദ്യുതി-ടെലിഫോൺ ബില്ലുകൾ യഥാസമയം പഞ്ചായത്തിൽ സമർപ്പിച്ച് ആവശ്യമായ പണം കൈപ്പറ്റുന്നതായി കാണുന്നില്ല. ഒരു വർഷത്തെ മുഴുവൻ ബില്ലുകളും, ചില ഉദ്യോഗസ്ഥർ മുൻ സാമ്പത്തിക വർഷത്തേതുൾപ്പടെയുള്ളവ ഒന്നിച്ച് സമർപ്പിക്കുകയും, പണം മാറിയെടുക്കുകയും ചെയ്യുന്നതായി ഫയലിൽ കാണുന്നു. ഇത്തരം തെറ്റായ പ്രവണത ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി കൃത്യമായി യോഗം കൂടുന്നില്ല

പാലിയേറ്റീവ് പരിചരണ മാർഗ നിർദ്ദേശ പ്രകാരം 2 മാസത്തിലൊരിക്കൽ മാനേജ്മെന്റ് കമ്മിറ്റി യോഗം കൂടേണ്ടതാണ്. എന്നാൽ ഇത് സംബന്ധിച്ച മിനിറ്റ്സ് പരിശോധിച്ചപ്പോൾ 2015-16 ൽ 12.7.2015, 10.2.2016 എന്നീ തീയതികളിൽ മാത്രമാണ് യോഗം കൂടിയിരിക്കുന്നത്. നിർദ്ദേശാനുസരണമുള്ള കാലയളവിൽ യോഗം കൂടാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി സംബന്ധിച്ച ചെലവുകൾ നിരീക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## 3-7 മരാമത്ത് പ്രവൃത്തികൾ- പൊതു ന്യൂനതകൾ

1. നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്ക് ( TR 7A ) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
2. കരാർ രജിസ്റ്ററിൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതായ തീയതി (Agreed date of

Completion)രേഖപ്പെടുത്തുന്നില്ല.

3. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകൾ, ടെണ്ടർ ഷെഡ്യൂൾ എന്നിവയിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.
4. ഒടുക്കേണ്ട നികുതികൾ,ക്ഷേമനിധി വിഹിതം എന്നിവയുടെ വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
5. മിക്ക മരാമത്ത് പ്രവൃത്തികളുടേയും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
6. ടെണ്ടർ രജിസ്റ്ററിൽ പി.എ.സി. സംബന്ധിച്ച വിവരം രേഖപ്പെടുത്തുന്നില്ല. കൂടാതെ ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ ടെണ്ടർ സംബന്ധിച്ച സാക്ഷ്യപ്പെടുത്തൽ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

ടി വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (04/25.01.17) നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ എഞ്ചിനിയർക്കും ഒരു ഓവർസിയർക്കും രണ്ടു പഞ്ചായത്തുകളിൽ ചുമതല ഉണ്ടായിരുന്നതിനാൽ അധിക ജോലി ഭാരവും മതിയായ സ്റ്റാഫിന്റെ അഭാവവും ഇത്തരം വീഴ്ചകൾക്ക് കാരണമായി എന്ന് വ്യക്തമാക്കി. അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 എർത്ത് ഫില്ലിംഗിന് ഡി.എസ്.ആർ ഇനം ഉണ്ടായിരിക്കെ മാർക്കറ്റ് റേറ്റിൽ ഡാറ്റാ തയാറാക്കി

2015-16-ൽ നടപ്പാക്കിയ ധാരാളം മരാമത്തു പ്രവൃത്തികളിൽ എർത്ത് ഫില്ലിംഗ് ഇനത്തിന് അർഹമായതിലും അധിക നിരക്കു അനുവദിച്ചതു മൂലം അധിക ചെലവുണ്ടായിട്ടുള്ളതായി കാണുന്നു.

07.05.2014-ലെജി.ഒ. (എം.എസ്) നം. 74/2014/തസ്വഭവ പ്രകാരം 01.04.2014 മുതൽ സാങ്കേതികാനുമതിയ്ക്കായി സമർപ്പിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (DSR) അടിസ്ഥാനത്തിലാണ് തയാറാക്കേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഡി.എസ്. ആർ-ൽ പ്രസ്താവിച്ചിട്ടില്ലാത്തയിനം പ്രവൃത്തികൾക്ക് മാത്രമാണ് പ്രാദേശിക നിരീക്ഷണമനുസരിച്ചുള്ള നിരക്കു നിർണ്ണയിക്കേണ്ടിയിരുന്നത്. എന്നാൽ ഈ ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റു വർഷം നടപ്പാക്കിയ മരാമത്തു പ്രവൃത്തികളുടെ എർത്ത് ഫില്ലിംഗ് ഇനത്തിന് ടി നിർദ്ദേശത്തിനു വിരുദ്ധമായി ഗ്രാവലിന് മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിൽ 1എം$^3$ ന് 1313/- എന്ന നിരക്കു നിശ്ചയിച്ച് നൽകിയത് മൂലം അധികചെലവുണ്ടായിട്ടുണ്ട്. വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (06/28.01.17) കുട്ടനാടിന്റെ പ്രത്യേക ഭൂപ്രകൃതിയനുസരിച്ച് ഇവിടെ ഗ്രാവൽ ലഭ്യമല്ലാത്തതിനാൽ ഗ്രാവൽ മറ്റ് സ്ഥലങ്ങളിൽ നിന്നും വർക്ക് സൈറ്റിൽ എത്തിക്കുന്നതിന് കൺവെയൻസ് ഉൾപ്പടെയുള്ള വിപണി വില, ലേബർ ചാർജ്ജ്, തുടങ്ങിയവയെ കോസ്റ്റ് ഇൻഡക്സ് കൊണ്ട് ഗുണിക്കുമ്പോൾ കിട്ടുന്ന 1313.10/എം$^3$ എന്ന നിരക്കാണ് ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ അനുവദിച്ചിരുന്നത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ ഇപ്രകാരം ഒബ്സർവ്വഡ് ഡാറ്റ തയാറാക്കിയത് ടി സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത് സംബന്ധിച്ച് സർക്കാരിൽ നിന്നും പ്രത്യേക ഉത്തരവ് വാങ്ങേണ്ടതാണ്.

## 3-9 ക്വാറി മക്ക് ഫില്ലിംഗിന് അധിക നിരക്ക് അനുവദിച്ചത് മൂലം അധികച്ചെലവ്-

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് സാങ്കേതികാനുമതി നൽകിയ “Filling up low lying and waterlogged areas with quarry muck spreading in layers, levelling the top at site and consolidation by ramming etc complete” എന്ന എസ്റ്റിമേറ്റിനത്തിന് ഒബ്സർവ്വഡ് ഡാറ്റാ പ്രകാരം CP & OH ഉൾപ്പടെ ഒരു എം$^3$ ന് 1661.52 എന്ന നിരക്കാണ് കരാർ പ്രവൃത്തികൾക്ക് അനുവദിച്ച് നൽകിയിട്ടുള്ളത്. ഒരു ഘന മീറ്റർ ക്വാറിമക്കിന് ലോക്കൽ മാർക്കറ്റ് റേറ്റ് (LMR) 1300/- രൂപ നിശ്ചയിച്ചാണ് ഒബ്സർവഡ് ഡാറ്റ തയാറാക്കിയിട്ടുള്ളത്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ (എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ, വെളിയനാട് ബ്ലോക്ക്

പഞ്ചായത്ത്) 04.01.2017-ലെ AEE/VLDB/3/17-ാം നമ്പർ കത്തിൽ വെളിയനാട് ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള എല്ലാ ഗ്രാമ പഞ്ചായത്തുകളിലും മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികളിൽ ക്വാറിമക്ക് ഉപയോഗിക്കുമ്പോൾ പ്രൈസിൽ നിലവിലുള്ള മാർക്കറ്റ് റേറ്റായ 935/എം$^3$ പ്രകാരം കണക്കാക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം ഒരു എം$^3$ ക്വാറിമക്കിന്റെ മാർക്കറ്റ് വില 935/- രൂപ മാത്രമായിരിക്കേ ആയതിന് പകരം 1300/- രൂപ എന്ന നിരക്കിൽ ഒബ്സർവഡ് ഡാറ്റ തയാറാക്കിയതു മൂലം ടി എസ്റ്റിമേറ്റിനത്തിന് അധിക നിരക്ക് നൽകി.

അനുവദനീയമായ നിരക്കിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| വിശദാംശം | | അനുവദിച്ചത് | അർഹമായ നിരക്ക് |
|---|---|---|---|
| 1 എം$^3$ ന്റെ വില | | 1300 (1) | 935 (1) |
| വാട്ടർ ചാർജ്ജ് (1%) | | 13 | 9.35 |
| ആകെ | | 1313 | 944.35 |
| ലേബർ | ബെൽഡർ | 65.80 | 65.80 |
| | കൂലി | 23.69 | 23.69 |
| വാട്ടർ ചാർജ്ജ്(1%) | | 0.90 | 0.90 |
| കോസ്റ്റ് ഇൻഡെക്സ് (1.4571) | | 131.71 (2) | 131.71 (2) |
| ആകെ | | 1444.71 / m$^3$ (1+2) | 1076.06/m$^3$(1+2) |
| CP & OH ഉൾപ്പെടെയുള്ള നിരക്ക് | | 1661.52/m$^3$ | 1237.47/m$^3$ |

അധികം അനുവദിച്ചത് = 1661.52 – 1237.47 = 424.05 /m$^3$

അധിക നിരക്ക് അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിശദാംശം | ക്വാറിമക്കിന്റെ അളവ് (1661.52/m$^3$), അളവ് പുസ്തകം നം. | ഘന മീറ്ററിന് 424.05/- എന്ന നിരക്കിൽ അധികം നൽകിയത് | ചെലവ് വിവരം |
|---|---|---|---|---|
| 1 | പത്തിൽ മോട്ടോർതറ മുതൽ കുറ്റിശ്ശേരി റോഡ് മെറ്റലിംഗ്<br>S0038/16<br>അടങ്കൽ – 470381/- (മെ.ഫ-റോഡ്)<br>പ്രവൃത്തിമൂല്യം-468740/-<br>കരാറുകാരൻ- ജോസഫ് തോമസ് | 82.50m$^3$<br>MB No.10/15-16<br>(P.No.15) | 34984/- | ബിൽ നം. 30/15-16/ 29.02.16, 468740/- |

| | | | | |
|---|---|---|---|---|
| | | | | |
| 2 | പള്ളിത്താനം മുതൽ 30-ൽ ചിറ<br>റോഡ് മെറ്റലിംഗ്<br>S0040/16<br>അടങ്കൽ-308731/-(മെ.ഫ-റോഡ്)<br>പ്രവൃത്തിമൂല്യം-308043/-<br>കരാറുകാരൻ-രാജശേഖരൻ പിള്ള | $35.50m^3$<br>MB No.12/15-16<br>(P.No.12) | 15054/- | ബിൽ നം. 36/15-16/ 28.03.16, 308043/- |
| 3 | ഒന്നാം വാർഡ് പത്തിൽ പാലംമുതൽ പുറത്തേരി റോഡ് മെറ്റലിംഗ്<br>S0029/16; അടങ്കൽ-470381/-(മെ.ഫ-റോഡ്)<br>പ്രവൃത്തിമൂല്യം-465156/-<br>കരാറുകാരൻ-സി. എബ്രഹാം | $85.59m^3$<br>MB No.04/15-16<br>(P.No.14) | 36294/- | ബിൽ നം. 29/15-16/ 31.03.16, 465156/- |
| 4 | മുണ്ട് പറമ്പ് മുതൽ പങ്കിയമ്മ പാലം വരെ റോഡ് ടാറിംഗ്<br>S0033/16; അടങ്കൽ-470381/-(മെ.ഫ-റോഡ്)<br>പ്രവൃത്തിമൂല്യം-469890/-<br>കരാറുകാരൻ-വി.ഡി. സനൽകുമാർ | $31m^3$<br>MB No.06/15-16<br>(P.No.23) | 13146/- | ബിൽ നം. 29/15-16/ 31.03.16, 469885/- (ടെണ്ടർ കിഴിവ് -0.001%) |
| 5 | 2-ാം വാർഡ് കല്ലുപാലം മുതൽ നട്ടുവത്തുപാടം റോഡ് ഉയർത്തി മെറ്റലിംഗ്<br>S0030/16<br>അടങ്കൽ-470381/-(മെ.ഫ-റോഡ്)<br>പ്രവൃത്തിമൂല്യം-469466/-<br>കരാറുകാരൻ-സി. എബ്രഹാം | $81.30\ m^3$<br>MB No.01/15-16<br>(P.No.15) | 34475/- | ബിൽ നം. 11/15-16/ 30.10.2015-469466/- |
| | | ആകെ | 1,33,953/- | |

ടി വിഷയത്തിൽ നൽകിയ ഓഡിറ്റന്വേഷണത്തിന് (07/28.01.17) കൺവെയൻസ് കൂടാതെയുള്ള നിരക്കാണ് 935/എം$^3$- എന്നും ടി നിരക്ക് അംഗീകരിച്ചത് അസി. എക്സിക്യൂട്ടിവ് എഞ്ചിനിയർ ശ്രീ. ജയശങ്കർ ആണെന്നും സാങ്കേതികാനുമതി നൽകിയത് മുൻ അസി. എക്സിക്യൂട്ടിവ് എഞ്ചിനിയർ ശ്രീ പി. എം. അശോകനാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥ വ്യക്തമാക്കുകയുണ്ടായി. മാർക്കറ്റ് റേറ്റിലുള്ള ക്വാറിമക്കിന് പ്രത്യേക കൺവെയൻസ് അനുവദനീയമല്ലാത്തതിനാൽ ടി മറുപടി, അപാകത സാധൂകരിക്കുന്നതല്ല. ആയതിനാൽ അധിക നിരക്ക് അനുവദിച്ചത് മൂലമുള്ള അധിക ചെലവ് തുക 1,33,953/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ടിയാളുകളിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-10 പ്രവൃത്തി പൂർത്തീകരണ കാല താമസത്തിന് പിഴ ഈടാക്കിയില്ല.

2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2112-1 ലെ വ്യവസ്ഥകൾക്കനുസൃതമായി പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് നിശ്ചിത ശതമാനം പിഴ കരാറുകാരനിൽനിന്നും ഈടാക്കേണ്ടതുണ്ട്. ഏതെങ്കിലും കാരണവശാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്ത പക്ഷം, നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കു മുമ്പ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ള പക്ഷം സമയം ദീർഘിപ്പിക്കാവുന്നതാണ് (ഓരോ തവണയും കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാത്ത വിധം). ഇപ്രകാരം കാലാവധിയുടെ 50% വരെ പരമാവധി പൂർത്തീകരണ സമയം ദീർഘിപ്പിക്കാവുന്നതാണ്. ഇതിന് ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹ 1000/-, പരമാവധി ₹ 50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹ 2000/-, പരമാവധി ₹ 100000/-) പിഴ ഈടാക്കി പുതുക്കിയ കാലാവധിക്കനുസരിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതുമാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലത്തിന് ഓരോ ആഴ്ചയ്ക്കും PAC യുടെ 0.1% എന്ന നിരക്കിൽ (പരമാവധി 10%) നഷ്ട പരിഹാരം ഈടാക്കേണ്ടതുമാണ്.( Liquidated damage)

എന്നാൽ നിശ്ചിത കാലാവധിക്കു ശേഷം പൂർത്തീകരിച്ച താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടിൽ ഇപ്രകാരം കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർ പ്പിക്കുകയോ പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കരാർ നം., കരാറുകാരൻ , എം.ബുക്ക് നം., പി.എ.സി. | പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീ കരിച്ച തീയതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|
| 37/AE/NLPR/14-15/ 21.11.2014<br>കരാറുകാരൻ- കെ.ജി. അനിരുദ്ധൻ<br>115/14-15 (4,30,000/-.രു.)<br>പ്രോജക്ട് നം. 46/15 (കുറ്റിശ്ശേരി മുതൽ കൃഷ്ണപുരംവരെ റോഡ് മെറ്റലിംഗ്- വാർഡ് 10)<br>തൻ വർഷ പ്രോജക്ട് നം. 151/16 അടങ്കൽ-4,30,000/-മെ.ഫണ്ട്- റോഡ്<br>പ്രവൃത്തിമൂല്യം – 409215/- രൂപ | 6 മാസം.<br>(20.05.15) മറ്റ് റോഡ് മെറ്റലിംഗ്, ടാറിംഗ് തുടങ്ങിയ സമാന പ്രവൃത്തി കൾക്ക് 2015-16 വർഷം പരമാവധി 6 മാസമാണ് നൽകിയിട്ടുള്ളത്. | 14/10/2015 | 04.07.2015 വരെ 1% of 4,30,000 = 4300<br>18.08.15 - 2% of 4,30,000 = 8600<br>0.8% x 4,30,000=3440/- (Liquidated damage)<br>ആകെ= 16340/- രൂപ |

| | | | |
|---|---|---|---|
| ബിൽ നം.<br>(i) 23/15-16/31.12.15,₹. 282694/-<br>(ii) 24/15-16/31.12.15, ₹.126521/-<br>കരാറുകാരന് നൽകിയ തുക (VAT-16369/-; IT-4092/-; KCWWF-4092 എന്നിവ കിഴിച്ച്) 384662/- | | | |

കരാർ രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടത് സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. ആയതിനാൽ കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി സംബന്ധിച്ചും ടി മെറ്റലിംഗ് പ്രവൃത്തിയിൽ ആക്ഷേപമുന്നയിച്ച് ലഭിച്ച പരാതിയിന്മേൽ വിജിലൻസ് ഡെപ്യൂട്ടി സൂപ്രണ്ടിന്റെ കാര്യാലയത്തിൽ നിന്ന് ലഭിച്ച കത്തിനു നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ഹാജരാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന്(08/30.01.17) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഏറ്റെടുത്ത പ്രവൃത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് 18.05.15-ൽ 10/15-ാം നമ്പറായി അസി. എഞ്ചിനിയർ കരാറുകാരനെ രേഖാമൂലം അറിയിച്ച കത്ത് പ്രകാരം ടി കത്ത് ലഭിച്ച് 15 ദിവസത്തിനുള്ളിൽ പണി പൂർത്തിയാക്കണമെന്നും അല്ലാത്ത പക്ഷം ടി പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കി കരിമ്പട്ടികയിൽപെടുത്തുമെന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ ടിയാൻ പ്രവൃത്തി പൂർത്തീകരിച്ചത് 14.10.2015-ൽ മാത്രമായിരിക്കേ കാല താമസത്തിനുള്ള പിഴ ഈടാക്കാഞ്ഞതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പിഴ തുക 16340/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി പരിഗണിക്കുന്നതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

1. NREGS അക്കൗണ്ടിലെ 31.03.15-ലെ നീക്കിയിരിപ്പ് പാസ് ബുക്ക് പ്രകാരം 126027/- രൂപയാണ്. (A/C No. 30394076590 – SBI Kainady). അക്കൗണ്ട്സ് പ്രകാരം 68131/- രൂപയാണ്. വ്യത്യാസം കൃത്യമായി റീകൺസൈൽ ചെയ്തിട്ടില്ല.
2. എസ്.ബി.ഐ. തനത് ഫണ്ട് അക്കൗണ്ടിലെ (A/C No.10570933805 - SBI Kainady) നീക്കിയിരിപ്പ് തുക 56892/- രൂപ 13.04.15-ൽ പുതുതായി അക്കൗണ്ട് ആരംഭിച്ച സൗത്ത് ഇന്ത്യൻ ബാങ്ക്, നീലംപേരൂർ (A/c No.82105300000457) ലേയ്ക്ക് 05.08.2015-ൽ ട്രാൻസ്ഫർ ചെയ്തതിനു ശേഷം എസ്.ബി.ഐ. തനത് ഫണ്ട് അക്കൗണ്ട് 10.08.2015-ൽ ക്ലോസ് ചെയ്തു. എന്നാൽ വാർഷിക കണക്കിൽ എസ്.ബി.ഐ. തനത് ഫണ്ട് അക്കൗണ്ടിൽ (RP40(b)) 31.03.16-ലെ നീക്കിയിരിപ്പ് ആയി 66,788/- രൂപ എന്നു തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു.
3. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് എ.എഫ്.എസ് പ്രകാരമുള്ള ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.
4. വാർഷിക ധനകാര്യ പത്രികയിലെ ആസ്തി വിവരങ്ങളിൽ ആസ്തി രജിസ്റ്റർ പ്രകാരമുള്ള എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.

5. NREGS വരവ്-ചെലവ് കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃതം | 2015-16 | 50750 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വർക്ക് സ്കോളർഷിപ്പ് | 50750 | -- |
| ജില്ലാപഞ്ചായത്ത് വിഹിതം | 2015-16 | 50000 | | 50000 | -- |
| ബ്ലോക്ക് വിഹിതം | 2015-16 | 50750 | | 50750 | – |

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

--ഇല്ല--

## 4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 3168/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2013-2014<br>2014-2015 | 2-3 | 2330 | സദാനന്ദൻ,<br>കാർത്തിക ഭവൻ, നീലംപേരൂർ | 11602100398<br>29-07-2016 |
| 2013-2014<br>2014-2015 | 2-3 | 124 | ഷാജി.കെ.ബി.<br>കോരംവേലിൽ, കൈനടി | 11602100446<br>05-08-2016 |
| 2013-2014<br>2014-2015 | 2-3 | 81 | കരുണാകരപ്പണിക്കർ,<br>മേച്ചിത്തറ, ഈര | 11602100211<br>09-01-2016 |
| 2013-2014<br>2014-2015 | 2-3 | 633 | വി.എസ്സ്. ശങ്കർ,<br>കൃഷ്ണപുരത്ത്, നാരകത്തറ | 11502101111<br>14-03-2016 |

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| | ആകെ | 3168 | | |

## 4-8.സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 2,15,98,427/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,09,10,250/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | തിട്ടപ്പെടുത്തിയിട്ടില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,33,953/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-9 | | 1,33,953/- | ഇന്ദുശ്രീ. ഐ. ബി., അസിസ്റ്റന്റ് എഞ്ചിനിയർ,<br>ജയശങ്കർ ജെ, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ<br>അശോകൻ.പി.എം.,<br>മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ |
| ആകെ | | 1,33,953/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

--ഇല്ല--

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ

സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇന്ദുശ്രീ.ഐ.ബി.,<br>അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ,<br>നീലംപേരൂർ ഗ്രാമപഞ്ചായത്ത്,<br>ഈര | കാർത്തിക ,<br>പോസ്റ്റോഫീസിനു സമീപം,<br>ശാസ്താംകോട്ട പി.ഒ,<br>കൊല്ലം-690521 |
| ജയശങ്കർ ജെ,<br>അസി. എക്സിക്യൂട്ടിവ് എഞ്ചിനിയർ | - | ചെമ്പക നഗർ-91,<br>ഊറ്റുകുഴി, തിരുവനന്തപുരം-695001 |
| അശോകൻ പി.എം,<br>മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ | - | തൈക്കൂട്ടത്തിൽ,<br>കലവൂർ പി.ഒ, ആലപ്പുഴ |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടുകളുടെ വിവരം |
|---|---|
| 1993-94 | എൽ.എഫ്.എ .14/1264/04, തീയതി 07-12-2004 |
| 1994-95 | എൽ.എഫ്. എ.14/1265/04, തീയതി. 06-11-2004 |
| 1995-96 | എൽ.എഫ്. എ.10/131/05, തീയതി. 08-08-05 |
| 1997-98 | എൽ.എഫ്. എ.10/203/03, തീയതി. 03-08-05 |
| 1997-98 (ചെലവ്) | എൽ.എഫ്. എ.4/303/01,തീയതി. 02-03-02 |
| 1998-99 (ചെലവ്) | എൽ.എഫ്. എ.4/1160/02, തീയതി. 10-03-03 |
| 2000-01 (ചെലവ്) | എൽ.എഫ്. എ.4-4/04, തീയതി. 05-05-04/01-07-04 |
| 2001-02 (ചെലവ്) | എൽ.എഫ്. ജി. എ.4-4/04,തീയതി. 05-05-04/01-07-04 |
| 2002-03 | എൽ.എഫ്. ജി. എ.10/772/09, തീയതി. 22-03-2010/10-04-2010 |
| 2003-04 | എൽ.എഫ്.എ.10/772/09, തീയതി. 22-03-2010/10-04-2010 |
| 2004-05 | എൽ.എഫ്.എ.പി10-772/09, തീയതി. 22-03-2010/10-04-2010 |
| 2005-06 | എൽ.എഫ്.എ.പി10-772/09, തീയതി. 22-03-2010/10-04-2010 |
| 2006-07 മുതൽ 2009-10 | എൽ.എഫ്.എ.പി5-575/14, തീയതി. 09-05-14/10-06-2014 |
| 2010-11, 2011-12, 2012-13 | എൽ.എഫ്.എ.പി10-1519/13, തീയതി. 01-04-14/03-06-14 |
| 2013-2014, 2014-2015 | കെ.എസ്.എ-എ.എൽ.പി/പി10/1389/15, തീയതി. 12-01-2015 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി-പി10-134/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 08.02.2017

ഫോൺ – 0477 2252753

ഇ-മെയിൽ – ddhglfalpy@gmail.com

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P10-134/17

Kerala State Audit Department,

District Audit Office, Alappuzha.

Date: 08.02.2017

Ph : 0477 2252753

E-mail : ddhglfalpy@gmail.com

## *AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Neelamperoor Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Neelamperoor Gramapanchayat for the year 2015-16 except the observations in Para 4-1 of my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department, Alappuzha